പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2574 09/07/2015 ൽ മറുപടിയ്ക്ക്

## ഭൂമി തട്ടിപ്പ് കേസ്സുകളും റവന്യൂ ഉദ്യോഗസ്ഥരും

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. എസ്. ശർമ്മ
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. ബി. സത്യൻ

മറുപടി

ശ്രീ. അടൂർ പ്രകാശ്.
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുക്കുന്നതിന് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ സഹായം നൽകുന്നതുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടോ; പരിശോധിക്കുമോ;

(എ) അന്വേഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല.

(ബി) ശ്രീ.സലിംരാജ് ഉൾപ്പെട്ട കടകമ്പള്ളി, കളമശ്ശേരി ഭൂമി തട്ടിപ്പുകേസ്സിൽ കൂട്ടുനിന്ന റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ പേരിൽ വകുപ്പുതലത്തിൽ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു;

(ബി) കടകമ്പള്ളി, ഭൂമി തട്ടിപ്പ് കേസിൽ ഉൾപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ.

1. ശ്രീ. വിദ്യോദയ കുമാർ, ഡെപ്യൂട്ടി തഹസീൽദാർ (ഇപ്പോൾ സസ്പെൻഷനിൽ)
2. ശ്രീ. സുബ്രഹ്മണ്യം പിള്ള, വില്ലേജ് ഓഫീസർ (ഇപ്പോൾ സസ്പെൻഷനിൽ)
3. ശ്രീ.അബ്ദുൾ ഗഫൂർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ (റിട്ടയർ ചെയ്തു)
4. ശ്രീ. എസ്. ഷാജി. സ്പെഷ്യൽ വില്ലേജ് ഓഫീസർ (റിട്ടയർ ചെയ്തു.)
5. ശ്രീ. കെ. അജികുമാർ. എം, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്.

കളമശ്ശേരി ഭൂമി തട്ടിപ്പ് കേസിൽ ഉൾപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ.

1. ശ്രീ.വി.ഡി. മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ (റിട്ടയർ ചെയ്തു)
2. ശ്രീമതി. സി.ആർ. കൃഷ്ണകുമാരി, അഡീഷണൽ തഹസീൽദാർ (റിട്ടയർ ചെയ്തു)
3. പരേതനായ ബി. പ്രസന്നകുമാർ, അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ)
4. ശ്രീമതി. ബി. ജയശ്രീ, ജൂനിയർ സൂപ്രണ്ട്.
5. ശ്രീ. കെ. എസ്. സാബു, വില്ലേജ് ഓഫീസർ (ഇപ്പോൾ സസ്പെൻഷനിൽ)
6. ശ്രീ. ഇ. മുറാദ്, സ്പെഷ്യൽ വില്ലേജ് ഓഫീസർ (ഇപ്പോൾ സസ്പെൻഷനിൽ)
7. ശ്രീ. ഗീവർഗ്ഗീസ്, സീനിയർ ക്ലർക്ക് (ഇപ്പോൾ സസ്പെൻഷനിൽ)

ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം മേൽപ്പറഞ്ഞ കേസുകൾ മുൻ റവന്യൂ സെക്രട്ടറിതലത്തിൽ അന്വേഷിക്കുകയും റിപ്പോർട്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കുകയും ഉണ്ടായിട്ടുണ്ട്. പ്രസ്തുത കേസുകളിൽ സി.ബി.ഐ. അന്വേഷണം നടന്നു വരുന്നു.

| | |
|---|---|
| (സി) ഇതിന്റെ ഭാഗമായി ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; ഇവർ വകുപ്പിൽ തന്നെ ജോലിയിൽ തുടരുന്നുണ്ടോ; വിശദമാക്കുമോ ; | (സി) മുകളിൽ പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥരിൽ ശ്രീ. മുറാദ് (സ്പെഷ്യൽ വില്ലേജ് ഓഫീസർ) ഒഴികെയുള്ള ഉദ്യോഗസ്ഥർക്കെതിരെ വകുപ്പു തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ.വി.ഡി.മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ, ശ്രീമതി.സി.ആർ.കൃഷ്ണകുമാരി, അഡീഷണൽ തഹസീൽദാർ, ശ്രീ.അബ്ദുൾ ഗഫൂർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുകയും ശ്രീ.ബി.പ്രസന്നകുമാർ അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ) മരണപ്പെട്ടിട്ടുള്ളതുമാണ്. ശ്രീ. വിദ്യോദയകുമാറിനെ കടകമ്പള്ളി ഭൂമിതട്ടിപ്പു കേസിൽ സി.ബി.ഐ. രജിസ്റ്റർ ചെയ്ത RC(04) E/2014/CBI/SCB/TVPM നമ്പർ കേസിലെ 24-ാം പ്രതിയായി സി.ബി.ഐ. അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തതിനെ തുടർന്ന് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. ശ്രീ. ഇ.സി. ഗീവർഗ്ഗീസ് (എസ്.വി.ഒ), ശ്രീ. ഇ.മുറാദ് (എസ്.വി.ഒ) എന്നിവരെ സി.ബി.ഐ. യുടെ Lr.No. RC3/E/14/CBI കേസിന്റെ ഭാഗമായാണ് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്. |
| (ഡി) കളമശ്ശേരി ഭൂമി തട്ടിപ്പുകേസ്സിൽ ശ്രീ.സലിംരാജിനൊപ്പം സി.ബി.ഐ അറസ്റ്റു ചെയ്ത റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവർ നിലവിൽ ഏതെല്ലാം ഓഫീസുകളിലാണ് ജോലി ചെയ്യുന്നത്; ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) കളമശ്ശേരി ഭൂമി തട്ടിപ്പു കേസിൽ ശ്രീ. സലിംരാജിനൊപ്പം അറസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങളും, ഇവർ നിലവിൽ ജോലി ചെയ്തിരുന്ന ഓഫീസുകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.<br>1. ശ്രീ.കെ.എസ്.സാബു. വില്ലേജ് ഓഫീസർ (ഇപ്പോൾ സസ്പെൻഷനിൽ) (തൃക്കാക്കര നോർത്ത് വില്ലേജ്)<br>2. ശ്രീ. ഇ.മുറാദ്, സ്പെഷ്യൽ വില്ലേജ് ഓഫീസർ (ഇപ്പോൾ സസ്പെൻഷനിൽ) (കളക്ടറേറ്റ്, എറണാകുളം)<br>3. ശ്രീ.ഇ.സി.ഗീവർഗ്ഗീസ്, സീനിയർ ക്ലർക്ക്, (ഇപ്പോൾ സസ്പെൻഷനിൽ) കൊച്ചി മെട്രോ നമ്പർ 1, എൽ.എ. ഓഫീസ്.<br><br>മുകളിൽ പരാമർശിച്ചിട്ടുള്ളവർക്കെതിരെ വകുപ്പുതല നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ